# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജനവരി 30

# വാർത്താക്കുറിപ്പ്

## ബി.എഡ്. നാലാം സെമസ്റ്റർ പുനപരീക്ഷ

കോവിഡ് 19 മൂലം 2020 ജൂലൈയിൽ നടന്ന ബി.എഡ്. നാലാം സെമസ്റ്റർ പരീക്ഷയെഴുതാൻ കഴിയാത്ത വിദ്യാർഥികൾക്കുള്ള പുനപരീക്ഷ ഫെബ്രുവരി മൂന്നുമുതൽ ആരംഭിക്കും. മാല്യങ്കര എസ്.എൻ.എം. കോളേജ്, തൊടുപുഴ ന്യൂമാൻ കോളേജ്, എടത്വ സെന്റ് അലോഷ്യസ് കോളേജ്, കുറവിലങ്ങാട് ദേവമാതാ കോളേജ്, ആലുവ സെന്റ് സേവ്യേഴ്സ് കോളേജ് ഫോർ വുമൺ, പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ്, തിരുവന്ന മാർത്തോമ കോളേജ് എന്നിവയാണ് പരീക്ഷകേന്ദ്രങ്ങൾ. വിദ്യാർഥികൾ തെരഞ്ഞെടുത്ത കേന്ദ്രത്തിൽ പരീക്ഷയ്ക്ക് ഹാജരാകണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/162/2021)

## യു.ജി., പി.ജി. പ്രൈവറ്റ് അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാല യു.ജി., പി.ജി. പ്രൈവറ്റ് രജിസ്ട്രേഷന് സൂപ്പർഫൈനോടെ ഫെബ്രുവരി 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/163/2021)

## പരീക്ഷഫലം

2020 മെയിൽ നടന്ന നാലാം സെമസ്റ്റർ മാസ്റ്റർ ഓഫ് ട്രാവൽ ആന്റ് ടൂറിസം മാനേജ്മെന്റ് (എം.ടി.ടി.എം. - 2018 അഡ്മിഷൻ റഗുലർ-എം.ടി.ടി.എം./2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി-എം.ടി.എ./എം.ടി.ടി.എം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 15 വരെ സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/164/2021)

2020 ഫെബ്രുവരിയിൽ നടന്ന ഒന്നും രണ്ടും മൂന്നും സെമസ്റ്റർ മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/165/2021)

2020 ഒക്ടോബറിൽ നടന്ന നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം. (മാസ്റ്റർ ഓഫ് ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് - 2018 അഡ്മിഷൻ റഗുലർ, 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 15 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/166/2021)

2019 നവംബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ. (മോഡൽ 1, 2, 3 - 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും

സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/167/2021)

2019 ഒക്ടോബറിൽ നടന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. ബി.എ. (മോഡൽ 1, 2, 3 - 2019 അഡ്മിഷൻ റഗുലർ, 2017/2018 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/168/2021)

2019 ഒക്ടോബറിൽ നടന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എസ് സി. മാത്തമാറ്റിക്സ് (പ്രൈവറ്റ്, റഗുലർ, സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12നകം അപേക്ഷിക്കണം. 2015 അഡ്മിഷന് മുമ്പുള്ള വിദ്യാർഥികൾ പരീക്ഷ കൺട്രോളർക്ക് നേരിട്ടും 2015 അഡ്മിഷൻ മുതലുള്ളവർ സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായും അപേക്ഷിക്കണം.

(പി.ആർ.ഒ/39/169/2021)

## നാനോടെക്നോളജി പഠനം പ്രോത്സാഹിപ്പിക്കാൻ എം.ജി.യിൽ ഡോ. റിച്ചാർഡ് ഫെയ്ൻമാൻ ചെയർ

നാനോസയൻസ്-ടെക്നോളജി പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിനായി നാനോ ടെക്നോളജിയുടെ പിതാവും ഭൗതികശാസ്ത്രത്തിലെ നൊബേൽ സമ്മാന ജേതാവുമായ ഡോ. റിച്ചാർഡ് ഫിലിപ്സ് ഫെയ്ൻമാന്റെ പേരിൽ ചെയർ ആരംഭിക്കാൻ മഹാത്മാഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിലാണ് തീരുമാനം. ക്വാണ്ടം ഇലക്ട്രോ ഡൈനാമിക്സിന്റെ വികസനത്തിന് നൽകിയ സമഗ്രസംഭാവന പരിഗണിച്ച് 1965ലാണ് ഫെയ്ൻമാന് നൊബേൽ സമ്മാനം ലഭിച്ചത്. നാനോടെക് നോളജിയുടെ ആശയ അടിത്തറപാകിയ 'ദയർ ഈസ് പ്ലെന്റി ഓഫ് റൂം അറ്റ് ദ ബോട്ടം' എന്ന അദ്ദേഹത്തിന്റെ പ്രഭാഷണ പരമ്പര പ്രസിദ്ധമാണ്.

സർവകലാശാലയിൽ പുതുതായി ആരംഭിക്കുന്ന സ്കൂൾ ഓഫ് നാനോസയൻസ് ആന്റ് നാനോടെക്നോളജിയുടെ ഭാഗമായാണ് ചെയർ പ്രവർത്തിക്കുക. സംസ്ഥാന സർക്കാർ മികവിന്റെ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സർവകലാശാലയിൽ അഞ്ച് രാജ്യാന്തര സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിക്കാൻ സിൻഡിക്കേറ്റംഗം പ്രൊഫ. നന്ദകുമാർ കളരിക്കലിനെ ചുമതലപ്പെടുത്തി. രാജ്യത്ത് കർഷകർ നടത്തുന്ന സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചും സമരത്തിന്റെ ഭാഗമായി മരിച്ചവർക്ക് അനുശോചനം രേഖപ്പെടുത്തിയും അഡ്വ. പി. ഷാനവാസ് അവതരിപ്പിച്ച പ്രമേയം സിൻഡിക്കേറ്റ് പാസാക്കി. എൽ.എൽ.ബി. പരീക്ഷകൾക്ക് ഓൺലൈൻ ചോദ്യബാങ്ക് തയാറാക്കൽ, ഓൺലൈൻ ചോദ്യപേപ്പർ കൈമാറ്റം സാധ്യമാക്കൽ എന്നിവ സംബന്ധിച്ച് പഠിക്കാൻ തീരുമാനിച്ചു.

(പി.ആർ.ഒ/39/170/2021)

## 'സി.എം. അറ്റ് കാമ്പസ്' സംവാദ പരിപാടി; പോസ്റ്റർ പ്രകാശനം ചെയ്തു

ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ഫെബ്രുവരി എട്ടിന് മഹാത്മാഗാന്ധി സർവകലാശാലയിൽ വിദ്യാർഥി പ്രതിഭകളുമായി നടത്തുന്ന 'സി.എം. അറ്റ് കാമ്പസ്' സംവാദപരിപാടിയുടെ പോസ്റ്റർ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസിന് നൽകി പ്രകാശനം ചെയ്തു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. സിൻഡിക്കേറ്റംഗങ്ങളായ പ്രൊഫ. പി. ഹരികൃഷ്ണൻ, ഡോ. ഷാജില ബീവി, ഡോ. വർഗീസ് കെ. ചെറിയാൻ, ഡോ. ബി. കേരളവർമ്മ, ഡോ. നന്ദകുമാർ കളരിക്കൽ, ഡോ. കെ.എം. സുധാകരൻ, രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, ഫിനാൻസ് ഓഫീസർ ബിജു മാത്യുഎന്നിവർ പങ്കെടുത്തു.

## ഫോട്ടോ ക്യാപ്ഷൻ

**ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണപരമായ മാറ്റങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി പിണറായി വിജയൻ ഫെബ്രുവരി എട്ടിന് മഹാത്മാഗാന്ധി സർവകലാശാലയിൽ വിദ്യാർഥി പ്രതിഭകളുമായി നടത്തുന്ന 'സി.എം. അറ്റ് കാമ്പസ്' സംവാദപരിപാടിയുടെ പോസ്റ്റർ പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസിന് നൽകി പ്രകാശനം ചെയ്യുന്നു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് സമീപം**

(പി.ആർ.ഒ/39/171/2021)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ